# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ. പി 6 - 239/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 11/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.ടി.എ. പി 6 - 239/2022 തീയ്യതി: 11/03/2022

## പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2019 മുതൽ 05-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പി.കെ വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 07-02-2022 | 21-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 21-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എൻ പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ഹരികുമാർ എസ്സ്, ഓഡിറ്റർ
ശ്രീമതി ദീപ കെ എസ്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജോസഫ് കുര്യാക്കോസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ആർ ശ്രീലേഖ | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ പി.ബി സജി(ഇൻ ചാർജ്) | സെക്രട്ടറി | 01-06-2019 | 23-07-2019 |
| ശ്രീ സൈമൺ വർഗ്ഗീസ് | സെക്രട്ടറി | 24-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ആർ ശ്രീലേഖ | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ പി.ബി സജി(ഇൻ ചാർജ്) | സെക്രട്ടറി | 01-06-2019 | 23-07-2019 |
| ശ്രീ സൈമൺ വർഗ്ഗീസ് | സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീ പി ബി സജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ മുഹമ്മദ് റാഫി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ഡോ. ആബിദാ മോൾ വി ഒ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ. ദിവ്യ എസ്സ് കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. വർഗ്ഗീസ് നീത ജോയി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ലേഖാ റ്റി ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ അനിൽ എബ്രഹാം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ രാജ് മോഹൻ തമ്പി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി സൗമ്യ എം എസ്സ് | ഐ സിഡി എസ്സ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ ദിപു ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ മനോജ് ബി | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 04-03-2020 |
| ശ്രീ സജീഷ് കുമാർ ജെ | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 05-03-2020 | 31-03-2020 |

.

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K S Deepa (Auditor, On 20-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 24-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-6 |
| 8 | ക്ഷേമ പെൻഷനുകൾ<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: K S Deepa (Auditor, On 21-02-2022)<br>Last Updated By: Johncy John (Computer Assistant, On 09-03-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K S Deepa (Auditor, On 21-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: K S Deepa (Auditor, On 21-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 11-03-2022) | 1-11 |
| 13 | സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 11-03-2022) | 1-12 |
| 14 | വാടകയിനത്തിൽ വൻതുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-13 |
| 15 | വിനോദ നികുതി കൃത്യമായി പിരിച്ചെടുത്തില്ല.<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-14 |
| 16 | ചട്ടം ലംഘിച്ച് നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ചു<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 11-03-2022) | 1-15 |
| 17 | ചെറു പ്ലോട്ടിലെ നിർമ്മാണത്തിനുള്ള ആനുകൂല്യങ്ങൾ ചട്ടവിരുദ്ധമായി അനുവദിച്ചു | 1-16 |

| | | |
|---|---|---|
| | Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | |
| 18 | ലൈഫ് ഭവന പദ്ധതി - തുക കൈപ്പറ്റിയ ആൾ നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Shyju Y (Senior Grade Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-17 |
| 19 | അങ്കണവാടി ജീവനക്കാർക്കുള്ള പ്രതിഫലം - കൈമാറാതിരുന്നത് 13.57 ലക്ഷം രൂപ<br>Written By: Jayaprabha P (Asst. Audit Officer, On 23-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 11-03-2022) | 1-18 |
| 20 | ഒരു റോഡിന്റെ പ്രവൃത്തിക്ക് മൂന്ന് പദ്ധതികൾ<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 07-03-2022) | 1-19 |
| 21 | ഭിന്നശേഷി സ്കോളർഷിപ്പ് - അർഹമായ മുഴുവൻ തുകയും അനുവദിച്ചില്ല<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 09-03-2022) | 1-20 |
| 22 | മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 08-03-2022) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shyju Y (Senior Grade Auditor, On 22-02-2022)<br>Last Updated By: Johncy John (Computer Assistant, On 08-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Shyju Y (Senior Grade Auditor, On 22-02-2022)<br>Last Updated By: Johncy John (Computer Assistant, On 08-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: N Pradeep Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Johncy John (Computer Assistant, On 08-03-2022) | 4-3 |
| 4 | വായ്പ<br>Written By: N Pradeep Kumar (Audit Officer (HG), On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 08-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 08-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 08-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം<br>Written By: Harikumar.S (Auditor, On 23-02-2022)<br>Last Updated By: Johncy John (Computer Assistant, On 08-03-2022) | 4-7 |
| 8 | ചാർജ്/ സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: N Pradeep Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Johncy John (Computer Assistant, On 08-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N Pradeep Kumar (Audit Officer (HG), On 24-02-2022)<br>Last Updated By: Johncy John (Computer Assistant, On 08-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Harikumar.S (Auditor, On 23-02-2022) | 4-10 |

Last Updated By: Johncy John (Computer Assistant, On 08-03-2022)

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 22.02.2019 തീയതിയിലെ 1(2)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 24.02.2020 തീയതിയിലെ 9(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യ പത്രികയുടെ പരിശോധന പ്രകാരം കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. Schedule B4- ചുവടെ ചേർക്കുന്ന ബാലൻസ് തുകകകൾ ഏതിനത്തിലുള്ളവയാണെന്ന് വ്യക്തമല്ല. തുകകളുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

| Code No | ഇനം | തുക |
|---|---|---|
| 320100115 | TSC | 760 |
| 320100199 | Grants And Funds For Specific Purpose – Central Government | 1053541 |
| 320300199 | Grants And Funds For Specific Purpose – Other Govt Agencies | 3597146 |

2. Schedule B5- Secured Loans – Loan From KURDFC – തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക B16 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

3. Schedule B7 – Deposits Received – ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. തനതു വരവുകൾ - വസ്തു നികുതി, ലേലം, ലൈസൻസ് ഫീസ്, വാടക മുതലായവയുടെ രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5. Schedule B9 – Other Liabilities- ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

| Serial No | Item | Amount | Remarks |
|---|---|---|---|
| 1 | Employees Liabilities – Net Salary Payable | 518032 | |
| 3 | Recoveries Payable – General Provident Fund | 17000 | രജിസ്റ്റർ പ്രകാരം അടവാക്കാനുള്ളത് - 12160രൂപ |
| 4 | Recoveries Payable – KPEPF | 101616 | |
| 8 | Recoveries Payable – HBA | 10410 | |
| 9 | Recoveries Payable – Income Tax Deducted At Source | 2000 | |
| 10 | Recoveries Payable – Other Recoveries | 17520 | |
| 11 | Recoveries Payable – VAT | 121751 | |
| 12 | Recoveries Payable – Library Cess | 151965 | |
| 13 | Recoveries Payable – Service Tax | 826149 | |
| 14 | Recoveries Payable – CGST | 131464 | |
| 15 | Recoveries Payable – SGST | 131464 | |
| 16 | Recoveries Payable – Flood Cess | 12867 | |

6. Schedule B 9 – Advance Collection Of Revenue- Market Receipts – തുക നെഗറ്റീവായി കാണിച്ചിരിക്കുന്നു.

7. NPS – അടവാക്കാനുള്ള തുക(രജിസ്റ്റർ പ്രകാരമുള്ളത്- 26143 രൂപ )ബാദ്ധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. (2020-21 - 17520)

8. Schedule B11 – Fixed Asset – ആസ്തികളുടെ മൂല്യം നിർണ്ണയിച്ചിരിക്കുന്നത് കൃത്യമല്ല. ഉദാ. പഞ്ചായത്തിലെ ഉടമസ്ഥതയിലുള്ള ആകെ വസ്തുവിന്റെ മൂല്യം 42440 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

9. Schedule B18 – മുൻകൂർ നൽകിയതും ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകകളുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, രജിസ്റ്ററുകൾ ഇവ ഹാജരാക്കിയിട്ടില്ല.

10. ഗ്രാന്റ് വരവ് - വികസന ഫണ്ട്(ജനറൽ)- വാർഷിക കണക്കുകൾ, ചെലവു പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ്(I-6) | ചെലവു പത്രിക പ്രകാരമുള്ള ചെലവ് | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 9757555 | 9757555 | 8608067 |

11. ആസ്തികളുടെ നിർമ്മാണത്തിനായി ചെലവഴിച്ച തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല.

12. B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ 6473511 രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു. എന്നാൽ സംയുക്ത പ്രോജക്ടുകൾക്കായുള്ള ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നത് 2055489 രൂപ മാത്രമാണ്.

13. ഷെഡ്യൂൾ 1-6 തൊഴിലുറപ്പ് പദ്ധതി:- ലഭ്യമാക്കിയ കണക്കുകളും വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

14. RP 40(n) – ക്യാഷ് ബാലൻസ്(-) 3000 ആയി കാണിച്ചിരിക്കുന്നത് തെറ്റാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33640364 |
| വരവ് | 65798498 |
| ആകെ | 99438862 |
| ചെലവ് | 52207604 |
| നീക്കിയിരിപ്പ് | 47231258 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രഷറി ക്യൂബിൽ | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) (പ്രളയവിഹിതം 2722000 രൂപ ഉൾപ്പെടെ ) | 0 | 17611000 | 17611000 | 9757555 | 7853445 | 1167298 | 3964147 |
| വികസനഫണ്ട് (എസ്.സി.പി) (പ്രളയവിഹിതം 876000 രൂപ ഉൾപ്പെടെ ) | 0 | 5654000 | 5654000 | 2743279 | 2910721 | 924550 | 1110171 |
| വികസനഫണ്ട്(ടി.എസ്.പി) (പ്രളയവിഹിതം 135000 രൂപ ഉൾപ്പെടെ ) | 0 | 463000 | 463000 | 276390 | 186610 | 0 | 51610 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 11380806 | 11380806 | 6514872 | 4865934 | 2062258 | 2803676 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9258000 | 9258000 | 4474677 | 4783323 | 2907970 | 1875353 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4342000 | 4342000 | 2455149 | 1886851 | 876435 | 1010416 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ശുചിത്വ മിഷൻ | 1380935 | 347965 | 1728900 | 1599681 | 129219 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 19631 | 19479365 | 19498996 | 19177045 | 321951 | 0 | 0 |
| എ.സി.ഡി.എസ്. | 936732 | 3541470 | 4478202 | 2035675 | 2442527 | 0 | 0 |
| പൈക്ക | 368805 | - | 368805 | 2608 | 366197 | 0 | 0 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

1. വികസന ഫണ്ട് (റ്റി എസ്സ് പി), റോഡിതര സംരക്ഷണ ഗ്രാന്റ് എന്നീ ഫണ്ടിനങ്ങളിൽ ലഭിച്ച അലോട്ട്മെന്റിന്റെ വിവരം ഗ്രാന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. സ്രോതസ്സിൽ നിന്നും കുറവുചെയ്ത ചുവടെ ചേർക്കുന്ന തുകകൾ ഗ്രാന്റ് വിനിയോഗ പത്രികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

| ഫണ്ടിനം | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക | | ആകെ |
|---|---|---|---|
| | ലൈഫ് (എസ്സ് സി പി) | വെള്ളക്കരം കുടിശ്ശിക | |
| വികസന ഫണ്ട് (ജനറൽ) | | 39914 | 39914 |
| വികസന ഫണ്ട് (എസ്സ് സി പി) | 14706 | | 14706 |

3. ലൈഫ് ഭവനപദ്ധതി ജനറൽ- വായ്പാ തിരിച്ചടവ്- സ്രോതസ്സിൽ നിന്നും കുറവുചെയ്ത 470588 രൂപ ഗ്രാന്റ് പത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.
4. അങ്കണവാടി ജീവനക്കാർക്കുള്ള പ്രതിഫലം ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവുചെയ്ത 678900 രൂപ ഗ്രാന്റ് പത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

*ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്രളയ ഫണ്ട് എന്നിവയിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക 2020-21 വർഷം അധിക അലോട്ട്മെന്റായി അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ലാപ്സാകുന്നില്ല

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 252 | 95051510 | 107 | 31014930 | 126 | 42.46 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 19631 | 1619057 | 1638688 | 1316737 | 321951 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 17860308 | 17860308 | 17860308 | |
| ആകെ | 19631 | 19479365 | 19498996 | 19177045 | |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 513800 | 85 |
| വിധവാപെൻഷൻ | 4720800 | 814 |
| വാർദ്ധക്യകാല പെൻഷൻ | 9715800 | 1643 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1559900 | 266 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിനമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 81600 | 16 |
| തൊഴിൽരഹിത വേതനം | 3600 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.02.2022 3.p.m ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40,822 (നാല്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം ) രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.01.2014 മുതൽ12.2.2014 വരെ | 2008-09 മുതൽ 2012-13വരെ | 09.06.14 |
| പെർഫോമൻസ് ഓഡിറ്റ് | 13.08.2021 മുതൽ 18.08.2021 വരെ | 01.01.2020മുതൽ31.03.2021വരെ | 27.12.21 |

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലുണ്ടായ അപാകങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാന്റിന് സ്ഥലം അക്വയർ ചെയ്തതുമായി ബന്ധപ്പെട്ട് വസ്തു ഉടമകൾ ബഹു. പത്തനംതിട്ട സബ്കോടതിയിൽ നൽകിയ കേസിന്മേൽ കാര്യക്ഷമമായി ഇടപെടുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടു. ഏതൊക്കെ കേസുകൾ നിലവിൽ ഏതെല്ലാം ഘട്ടങ്ങളിലാണ് ഉള്ളത് എന്നും, അവയിന്മേൽ എതിർസത്യവാങ്മൂലം സമർപ്പിക്കേണ്ടത് സംബന്ധിച്ചും ഗ്രാമപഞ്ചായത്തധികൃതർക്ക് തികഞ്ഞ അജ്ഞതയാണുള്ളത്.
2. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് മോണിട്ടറിംഗ് സംവിധാനം നിലവിലില്ല.
3. പ്രവർത്തിക്കാത്ത പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഇനത്തിലുള്ള പാഴ്ചെലവ് തടയുന്നതിന് കഴിയുന്നില്ല. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് ഇതേവരെ നടപ്പാക്കാത്തതിനാൽ അവയുടെ വൈദ്യുതി ചാർജിനത്തിൽ ഉണ്ടാകുന്ന ദുർവ്യയം തടയാനാകുന്നില്ല.
4. സംയുക്ത പദ്ധതികൾക്കായി ലഭിച്ച ഫണ്ടിന്റെയും അവയുടെ വിനിയോഗത്തിന്റെയും കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.
5. ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക, മൊബൈൽ ടവറുകളുടെ വസ്തു നികുതി എന്നീ ഇനങ്ങളിൽ ഉള്ള കുടിശ്ശിക പിരിച്ചെടുക്കാൻ കാര്യക്ഷമമായ നടപടിയില്ല.
6. ആശ്രയ പദ്ധതിയുടെ നടത്തിപ്പ്, ബഡ്സ് സ്കൂൾ എന്നീ വിഷയങ്ങൾ അവഗണിക്കപ്പെടുന്നു.

അപാകങ്ങളിന്മേൽ പരിഹാരനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് , 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത്. ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്.

1. 2019-20 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും, അവയിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | അർദ്ധ വർഷം |
|---|---|---|
| 1 | ആക്സിസ് ബാങ്ക് | I |
| 2 | കേരളസ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | I |
| 3 | മുളമൂട്ടിൽ ഫിനാൻസിയേഴ്സ് | I |

| | | |
|---|---|---|
| 4 | എസ്സ്.സി.ഇംഗ്ലീഷ് മീഡിയം സ്കൂൾ | ll |
| 5 | ഗോൾഡൻ എംപോറിയം | ll |
| 6 | ഗോൾഡൻ ഹൈപ്പർ മാർക്കറ്റ് | ll |
| 7 | സിറ്റി സെന്റർ | ll |
| 8 | അസെസ്റ്റ് മോട്ടോഴ്സ് | ll |

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും, അതിലെ തൊഴിലാളികളിൽ നിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്ത് നികുതി ഇടാക്കേണ്ടതാണ്. ഇതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. ചുവടെ ചേർത്തിട്ടുള്ള അംഗീകൃത കരാറുകാരുടെ 2019-20ലെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല

1. എസ്.എൻ.ശങ്കരനാടാർ .
2. രഘു. സി.കെ
3. റോന ജോസഫ് .
4. നിതിൻ ജോസഫ് തോമസ്
5. രാജൻ പി.ജയിംസ്
6. ടിജോ ജയിംസ്
7. വേണുഗോപാൽ .എ.ജി
8. അബു മുഹമ്മദ് അലി

മുകളിൽ ചേർത്തിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ സഹിതം ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും 2019-20 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | റേഷൻ കടകൾ (20 എണ്ണം) |
| 2 | മന്ദമരുതി ക്ഷീരോല്പാദക സഹകരണ സംഘം |
| 3 | മോതിരവയൽ ക്ഷീരോല്പാദക സഹകരണ സംഘം |
| 4 | ഇടമൺ-വാകത്താനം ക്ഷീരോല്പാദക സഹകരണ സംഘം |

ചട്ടം 3 ന്റെ അനുബന്ധ പട്ടിക (പട്ടിക 1) യിലെ ക്രമ നം. 149 പ്രകാരം റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കേണ്ടതാണ്. കൂടാതെ, റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-13 വാടകയിനത്തിൽ വൻതുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു തനത് വരുമാനമാണ് ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളിൽ നിന്നും മാർക്കറ്റ് സ്റ്റാളുകളിൽ നിന്നുമുള്ള വാടക. ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 31 കടമുറികൾ, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 21 കടമുറികൾ, മാർക്കറ്റിലെ 35 സ്റ്റാളുകൾ എന്നിവയാണ് നിലവിൽ വാടകയ്ക്ക് നൽകിയിട്ടുള്ളത്. വാടക പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കുന്നില്ല. 2017-18

മുതലുള്ള കുടിശ്ശിക തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കടമുറി നമ്പർ , വാടകക്കാരന്റെ വിവരങ്ങൾ | വാടക കുടിശ്ശിക | | | ആകെ വാടക കുടിശ്ശിക |
|---|---|---|---|---|
| പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് | 2017-18 | 2018-19 | 2019-20 | |
| 9, മാത്യു ജോസഫ്, കാവുങ്കൽ | - | - | 60699 | 60699 |
| 16, ലക്ഷ്മിയമ്മ രാജമ്മ | - | - | 13368 | 13368 |
| ന്യൂ ഷോപ്പിംഗ് കോംപ്ലക്സ്.3, അച്യുതൻ, പറയനാലിൽ | - | - | 33543 | 33543 |
| ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 2, ശോഭ | - | - | 3667 | 3667 |
| 3, മാധവൻനായർ | - | - | 3444 | 3444 |
| 4, അനീഷ് പി.കെ, കാഞ്ഞിരത്തുംമൂട്ടിൽ | - | - | 54300 | 54300 |
| 14, മുഹമ്മദ് ബഷീർ, ആലുങ്കൽ പറമ്പിൽ | - | - | 5468 | 5468 |
| 21, രാമൻ രാഘവൻ | - | - | 14340 | 14340 |
| 24, വി.കെ.സജി, വയലാലിൽ | - | - | 19764 | 19764 |
| 25, അക്ബർ ഷാ, പ്ലാന്തോട്ടത്തിൽ | - | - | 34108 | 34108 |
| റിക്രിയേഷൻ ക്ലബ്.3, ശ്രീനിവാസൻ, കിഴക്കേടത്ത് | - | - | 5000 | 5000 |
| മാർക്കറ്റ് സ്റ്റാൾ | | | | |
| എച്ച്.1, സാബു, പുത്തൻവീട്ടിൽ, ഇടുക്കി | 18619 | - | - | 18619 |
| ഡി.1, സത്താർ, മരോട്ടി പതാലിൽ | - | 56272 | | 56272 |
| കെട്ടിടം.1 മുറി(5) | - | 10870 | - | 10870 |
| ആകെ | 18619 | 67142 | 247701 | 333462 |

കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടലും നിരീക്ഷണവും ഉണ്ടാവേണ്ടതാണ്.

## 1-14 വിനോദ നികുതി കൃത്യമായി പിരിച്ചെടുത്തില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തീയറ്ററിൽ നിന്നും 2019-20 സാമ്പത്തിക വർഷം വിനോദനികുതിയിനത്തിൽ ആകെ പിരിച്ചെടുത്തത് 5207രൂപ മാത്രമാണ്. 17.02.2020-ൽ 4725രൂപയും 05.03.2020-ൽ 482 രൂപയുമാണ് ഈയിനത്തിൽ ലഭിച്ചിട്ടുള്ളത്. വിനോദനികുതി വരവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 10.06.2019-ലെ സ.ഉ.(കൈ)നം.63/2019/ ത.സ്വ.ഭ.വ. ഉത്തരവിലൂടെ സിനിമാ ടിക്കറ്റുകൾക്ക് 10% വിനോദ നികുതി ഏർപ്പെടുത്തിയിരുന്നു. പിന്നീട് 31.08.2019-ലെ സ.ഉ.(കൈ)നം.112/2019/ത.സ്വ.ഭ.വ. ഉത്തരവിലൂടെ നികുതി നിരക്കിൽ ഭേദഗതി വരുത്തുകയും 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമായി നിരക്ക് പുതുക്കി നിശ്ചയിക്കുകയും ചെയ്തു. പുതുക്കിയ നിരക്കിന്റെ പ്രാബല്യ തീയതി 01.09.2019 ആയിരുന്നു. ജി.എസ്.ടി. ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രേക്ഷകരിൽ നിന്നും വിനോദ നികുതിയിനത്തിൽ ഈടാക്കിയ തുക യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ടിക്കറ്റ് വിൽപ്പനയുടെ വിവരങ്ങൾ തീയറ്ററിൽ നിന്നും യഥാസമയങ്ങളിൽ ശേഖരിച്ച്, പഞ്ചായത്തിന് ലഭിക്കേണ്ട നികുതി കണക്കാക്കി, ഈടാക്കുന്നതിൽ വീഴ്ച്ചയുണ്ടായിട്ടുണ്ട്. വിനോദനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 ചട്ടം ലംഘിച്ച് നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ചു

റാന്നി-പഴവങ്ങാടി വില്ലേജ്, ബ്ലോക്ക് നമ്പർ 9, സർവ്വേ നം.345/6, 345/11-2 എന്നിവയിലുള്ള 288ച.മീ. ഭൂമിയിൽ 524.26ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട-വാണിജ്യ (ഗണം എ1 & എഫ്) കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. സി.ജെ. ഈശോ, ശ്രീ. ജോസഫ് ഈശോ എന്നിവർക്ക് 19.01.2018-ൽ C3-5194/2017 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു.

പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ തറ നിരപ്പ നില, ഒന്നാംനില എന്നിവ വാണിജ്യാവശ്യത്തിനുള്ളതും രണ്ടാം നില പാർപ്പിടാവശ്യത്തിനുള്ളതുമാണ്. കെട്ടിടത്തിന്റെ തറനിരപ്പ നിലയുടെ വിസ്തീർണ്ണം 155.58ച.മീറ്ററും ഒന്നാം നില, രണ്ടാം നില എന്നിവയുടെ വിസ്തീർണ്ണം 184.34ച.മീ. വീതവുമാണ്. നിർമ്മാണം പൂർത്തിയാക്കിയ തറനിരപ്പ് നിലയ്ക്ക് 18.12.18-ൽ 9/641A എന്ന നമ്പറും ഒന്നാം നിലയ്ക്ക് 641B, രണ്ടാം നിലയ്ക്ക് 641C, 641D എന്നിങ്ങനെ നമ്പറുകളും 09.07.2019-ലും അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ പ്ലോട്ടിന്റെ വിസ്തീർണ്ണം 314ച.മീ. എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് പ്രകാരം എഫ്.എ.ആർ. 1.25-ഉം കവറേജ് 53.69 ശതമാനവുമാണ്. എന്നാൽ കരം ഒടുക്കിയ രസീതുകൾ, ആധാരങ്ങൾ എന്നിവ പ്രകാരം കംപ്ലീഷൻ പ്ലാനിലും, പെർമിറ്റിലും രേഖപ്പെടുത്തിയിരിക്കുന്ന 345/6, 345/11-2 എന്നീ സർവ്വേ നമ്പരുകളിലായുള്ള ഭൂമിയ്ക്ക് ആകെ 288ച.മീ. (236+52) വിസ്തീർണ്ണം മാത്രമാണുള്ളത്. പെർമിറ്റിലും ടി. വിസ്തീർണ്ണമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്ലോട്ടിന്റെ വിസ്തീർണ്ണം തെറ്റായി രേഖപ്പെടുത്തിയാണ് കംപ്ലീഷൻ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കവറേജ് സംബന്ധിച്ച ചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2011 ചട്ടം 35പട്ടിക 2 പ്രകാരം കാറ്റഗറി രണ്ട് ഗ്രാമ പഞ്ചായത്തുകളിലെ എ1 ,എഫ് വിനിയോഗ ഗണങ്ങളിലുള്ള കെട്ടിടങ്ങൾക്ക് അനുവദനീയമായ പരമാവധി കവറേജ് 60 ശതമാനമാണ്. ആയത് പ്രകാരം 288 ച.മീ. വിസ്തീർണ്ണമുള്ള പ്ലോട്ടിൽ ഏതൊരു നിലയിലും നിർമ്മിക്കാൻ കഴിയുന്ന കെട്ടിടത്തിന്റെ പരമാവധി വിസ്തീർണ്ണം 172.8 ച.മീ. മാത്രമാണ്. എന്നാൽ ടി.കെട്ടിടത്തിന്റെ ഒന്ന്, രണ്ട് നിലകളിൽ 184.34 ച.മീ. വ്യാപ്തിയിൽ കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ട്. ഒന്ന്, രണ്ട് നിലകളിലായി ആകെ 23.08ച.മീ. കവറേജിൽ അധികമായി നിർമ്മാണം നടത്തിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് നികുതി നിർണയിച്ച്, കെട്ടിട നമ്പർ അനുവദിച്ച നൽകിയത് ക്രമവിരുദ്ധവും നിലവിലുള്ള ചട്ടങ്ങളുടെ ലംഘനവുമാണ്. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/19.02.2022) മറുപടി ലഭ്യമാക്കിയില്ല. നിർമ്മാണത്തിലുണ്ടായ ചട്ട ലംഘനം പരിഹരിക്കുന്നതിനും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ച അന്വേഷണ വിധേയമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 ചെറു പ്ലോട്ടിലെ നിർമ്മാണത്തിനുള്ള ആനുകൂല്യങ്ങൾ ചട്ടവിരുദ്ധമായി അനുവദിച്ചു

പഴവങ്ങാടി വില്ലേജ്, ബ്ലോക്ക് നമ്പർ 9-ൽ സർവ്വേ നം. 285/3, 285/3-4 എന്നിവയിലുള്ള 80.57 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ മുകളിൽ 57.44ച.മീ. വിസ്തീർണ്ണമുള്ള ഒന്നാം നില നിർമ്മിക്കുന്നതിന് ശ്രീമതി വൽസമ്മ എബ്രഹാം, ശ്രീമതി സൂസൻ കുരുവിള എന്നിവർക്ക് 21.08.2019-ൽ C5-BA(236525)/2019 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. കെട്ടിടം നിൽക്കുന്ന ഭൂമിയുടെ ആകെ വിസ്തീർണ്ണം 123ച.മീറ്ററാണ്. ആയതിൽ 285/3-4 ലുള്ള 60 ച.മീ. ശ്രീമതി വൽസമ്മ എബ്രഹാമിന്റെ പേരിലും 285/3- ലുള്ള 63ച.മീ. ശ്രീമതി സൂസൻ കുരുവിളയുടെ പേരിലുമാണ്. കെട്ടിടത്തിന്റെ തറനിരപ്പ നില പുനലൂർ മൂവാറ്റുപുഴ റോഡതിരിനോടു ചേർന്നു നിൽക്കുന്നു. തറനിരപ്പ് നിലയുടെ ടെറസ്സിൽ നിർദ്ദിഷ്ട ഒന്നാം നിലയ്ക്ക് ആവശ്യമായ 3m സെറ്റ്ബാക്ക് നൽകിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011) ചട്ടം 62 മുതൽ 65 വരെയുള്ള ചട്ടങ്ങളിൽ 125ച.മീറ്ററിൽ കവിയാത്ത വിസ്തീർണ്ണമുള്ള ചെറു പ്ലോട്ടുകളിലെ കെട്ടിടനിർമ്മാണത്തിനുള്ള വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. കവറേജ്, കാർ പാർക്കിംഗ്, കെട്ടിടത്തിന്റെ ഭാഗങ്ങൾ എന്നിവയ്ക്ക് ചട്ടം 65പ്രകാരമുള്ള ഇളവുകൾ പരിഗണിച്ചാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ശ്രീമതി സൂസൻ കുരുവിളയ്ക്ക് 285/3 സർവ്വേ നമ്പരിലുള്ള ഭൂമിയോട് ചേർന്ന് വേറെ ഭൂമിയുള്ളതായി സൈറ്റ് പ്ലാനിൽ നിന്നും വ്യക്തമാണ്. 236/1/2 എന്ന് സർവ്വേ നമ്പർ രേഖപ്പെടുത്തിരിക്കുന്ന ടി. ഭൂമിയുടെ വിസ്തീർണ്ണം 30ച.മീറ്ററാണ്.

ഒന്നോ അതിലധികമോ പ്ലോട്ടുകളുടെ വിഭജനങ്ങളിലൂടെ രൂപപ്പെട്ട പ്ലോട്ടുകളിൽ പ്രത്യേകമായോ അല്ലെങ്കിൽ പരസ്പരം ചേർന്ന നിൽക്കുന്നതോ ആയ വ്യത്യസ്തമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അത്തരത്തിൽ വിഭജിക്കപ്പെട്ട ഒന്നിലധികം പ്ലോട്ടുകളുടെ ഉടമയായിരിക്കുകയോ അല്ലെങ്കിൽ നിർദ്ദിഷ്ട പ്ലോട്ടിനോട് ചേർന്ന് മറ്റൊരു പ്ലോട്ട് ഉണ്ടായിരിക്കുകയോ ചെയ്യുന്ന ഒരു വ്യക്തിക്കോ അല്ലെങ്കിൽ അയാൾ സമ്മതം നൽകുന്ന മറ്റൊരു വ്യക്തിക്കോ ചെറു പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്കുള്ള വ്യവസ്ഥകൾ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാൻ പാടില്ലാത്തതാകുന്നു എന്ന് ചട്ടം 62-ൽ പറയുന്നുണ്ട്. ചെറു പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ചട്ട വിരുദ്ധമായി അനുവദിച്ചു നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/21.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് അനുവദിച്ച രേഖകൾ അടിയന്തിരമായി പരിശോധിച്ച്, ചട്ടലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ലൈഫ് ഭവന പദ്ധതി - തുക കൈപ്പറ്റിയ ആൾ നിർമ്മാണം പൂർത്തീകരിച്ചില്ല

2019-20 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് പ്രോജക്ട് പ്രകാരം ഭവന നിർമ്മാണത്തിനായി (പ്രോജക്ട് നം- 65/19) 5 ഗുണഭോക്താക്കൾക്ക് 13,20,000 രൂപ നൽകിയിരുന്നു. ഗുണഭോക്താക്കൾക്ക് പൂർണ്ണമായും തുക നൽകുന്നതിനായി 2020-21 സാമ്പത്തിക വർഷം പ്രസ്തുത പ്രോജക്ട് സ്പിൽ

ഓവറാക്കിയിരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 200000 രൂപ കൈപ്പറ്റിയ മായാ ജെയിംസ്, തേരിട്ടമടക്കൻ, ചെല്ലക്കാട്.പി.ഒ (വാർഡ് 6) എന്നയാൾ ഭവനനിർമ്മാണം പൂർത്തീകരിച്ച് ബാക്കി തുക കൈപ്പറ്റിയിട്ടില്ല. ടിയാന്റെ ഫയൽ പരിശോധിച്ചതിൽ രണ്ട് ഗഡുക്കളായി 40000 രൂപ, 160000 രൂപ എന്നിങ്ങനെ കൈപ്പറ്റിയിട്ടുള്ളതായിട്ടാണ് വ്യക്തമായിട്ടുള്ളത്. എന്നാൽ ഭവന നിർമ്മാണം സംബന്ധിച്ച ഫോട്ടോഗ്രാഫോ, സ്റ്റേജ് സർട്ടിഫിക്കറ്റോ ഇല്ലാതെയാണ് തുക നൽകിയിരിക്കുന്നത്. ടി വിഷയം സംബന്ധിച്ച് അടിയന്തിരമായി ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി ( നമ്പർ-3 തീയതി 14-02-2022) നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവ് നിർമ്മാണം പൂർത്തീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

ഈ വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യമാണെങ്കിൽ നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 അങ്കണവാടി ജീവനക്കാർക്കുള്ള പ്രതിഫലം - കൈമാറാതിരുന്നത് 13.57 ലക്ഷം രൂപ

ജി.ഒ(ആർ.ടി)2772/2019/ഫിൻ തീയതി 03/04/2019, ജി.ഒ(ആർ.ടി)6105/2019/ഫിൻ തീയതി 01.08.2019, ജി.ഒ(ആർ.ടി)10050/2019/ഫിൻ തീയതി 21/12/2019 എന്നീ ഉത്തരവുകൾ പ്രകാരം അങ്കണവാടി തൊഴിലാളികളുടേയും സഹായികളുടേയും 2019-20 സാമ്പത്തിക വർഷത്തെ പ്രതിഫല തുകയായ 1357800 രൂപ 2019-20 വർഷത്തെ വികസന ഫണ്ടിന്റെ ഒന്നും രണ്ടും മൂന്നും ഗഡുക്കളിൽ നിന്നും 452600 രൂപ വീതം സാമൂഹ്യ നീതി വകുപ്പിന്റെ Deduct Head-ലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ തുക ഇപ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (02/07.02.22) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ വകുപ്പ് തലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-19 ഒരു റോഡിന്റെ പ്രവൃത്തിക്ക് മൂന്ന് പദ്ധതികൾ

എട്ടാം വാർഡിലെ മുക്കാലിമൺ അമ്മച്ചിക്കാട് മോടിപ്പടി റോഡ് കോൺക്രീറ്റ് ചെയ്തത് 3 പദ്ധതികൾ മുഖേനയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നമ്പർ, കരാറുകാരൻ | പ്രവൃത്തി മൂല്യം, ചെയ്ത നീളം | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 1 | മുക്കാലിമൺ അമ്മച്ചിക്കാട് മോടിപ്പടി റോഡ് കോൺക്രീറ്റിംഗ് | S225/20 (SO 291/21) സി.ആർ.രഘു | 145733 (36 M) | 15179/ 9.12.2020 |
| 2 | | S109/20 (SO38/21) സോമശേഖരൻ നായർ | 211112 (59.5m) | 26165/ 11.4.2020 |
| 3 | | S174/21 അബ്ദുൾ സമദ് | 349156 (86 M) | 15170/ 9.12.2020 |

ഒരു റോഡ് പ്രവൃത്തിയ്ക്ക് തന്നെ 2019-20 ൽ രണ്ടും അടുത്ത വർഷം ഒന്നും വീതം പദ്ധതികൾ ആണ് ആവിഷ്കരിച്ചത്. വേണ്ടത്ര ആസൂത്രണമില്ലാതെ ഫണ്ട് വിഭജിച്ച് നൽകി പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഒരു ഉദാഹരണം ആണ് ഇത്. പദ്ധതി ആസൂത്രണം കുറ്റമറ്റതാക്കേണ്ടതും ഭാവിയിൽ അപാകം ഒഴിവാക്കേണ്ടതുമാണ്.

## 1-20 ഭിന്നശേഷി സ്കോളർഷിപ്പ് - അർഹമായ മുഴുവൻ തുകയും അനുവദിച്ചില്ല

| ക്രമ.നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | ലാപ്സാക്കിയ തുക |
|---|---|---|---|---|---|
| 1 | ഭിന്നശേഷി സ്കോളർഷിപ്പ്, | വികസന ഫണ്ട് | 650000 | 616470 | 33530 |
| | | തനത് ഫണ്ട് | 50000 | 0 | 50000 |

| | | | | | |
|---|---|---|---|---|---|
| | 16/20 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 200000 | 0 | 200000 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 200000 | 0 | 200000 |
| | | ആകെ | 1100000 | 616470 | 483530 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതി പ്രകാരം ആകെ 40 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ അർഹമായ മുഴുവൻ തുകയും ധനസഹായമായി അനുവദിച്ചിട്ടില്ല. പദ്ധതിയ്ക്കായി ആകെ വകയിരുത്തിയ 11 ലക്ഷം രൂപയിൽ 616470രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 27500 രൂപ വരെ സ്കോളർഷിപ്പിന് അർഹതയുണ്ടായിരുന്നിട്ടും പരമാവധി 24000രൂപയാണ് അനുവദിച്ചിട്ടുള്ളത്. സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് 27500 രൂപ സ്കോളർഷിപ്പിന് അർഹതയുണ്ടായിരുന്നിട്ടും 12000 രൂപ വീതമാണ് വിതരണം ചെയ്തിട്ടുള്ളത്. ചലന വൈകല്യമുള്ള കുട്ടികൾക്ക് സ്കൂളിൽ പോകുന്ന മാസങ്ങളിൽ പ്രതിമാസം 400രൂപ നിരക്കിൽ യാത്രാ ബത്ത അനുവദിക്കാവുന്നതാണ്. എന്നാൽ ഈ വിഭാഗത്തിലുള്ള കുട്ടികൾക്കൊന്നും തന്നെ യാത്രാബത്ത അനുവദിച്ചിട്ടില്ല. വിതരണത്തിലെ അപാകതകൾ സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | വിഭാഗം | അർഹമായ തുക | അനുവദിച്ച തുക |
|---|---|---|---|---|
| 1 | രമ്യാ കെ. ജോൺ | മാനസിക വെല്ലുവിളി നേരിടുന്ന | 27500 | 12000 |
| 2 | സിനി തോമസ് | “ | 27500 | 12000 |
| 3 | എബിൻ ജോൺ | “ | 27500 | 12000 |
| 4 | സൗമ്യ കെ.എസ്. | “ | 27500 | 12000 |
| 5 | ആരോമൽ സുരേഷ് | “ | 27500 | 12000 |
| 6 | അഖിൽ സി. സുരേഷ് | “ | 27500 | 12000 |
| 7 | ബെൻസൺ പ്രകാശ് | “ | 27500 | 12000 |
| 8 | ആശിഷ് സി. തോമസ് | “ | 27500 | 12000 |
| 9 | ദീപ സന്തോഷ് (ആശിഷ് സന്തോഷ്) | “ | 27500 | 15000 |
| 10 | അഖിൽ പ്രതാപൻ | “ | 27500 | 6600 |
| 11 | അലീന റെജി | +2, ചലന വൈകല്യം | 8000 | 12000 |
| 12 | ഷിനു പി.ബി. | 7th , ചലന വൈകല്യം | 10600 | 6600 |
| 13 | സെൽമ തോമസ് | ബിരുദം, ചലന വൈകല്യം | 17000 | 11600 |
| 14 | ഡെയ്സിമോൾ റ്റി.ആർ. | ബിരുദം, ചലന വൈകല്യം | 17000 | 11600 |
| 15 | ലക്ഷ്മിലാൽ കുന്നേൽ | 8th , ചലന വൈകല്യം | 10600 | 6600 |
| 16 | ബ്ലസ്സി എബ്രഹാം | +1, ചലന വൈകല്യം | 12000 | 8000 |
| 17 | നിഷ ആനി ബേബി | ബിരുദം, ചലന വൈകല്യം | 10600 | 17000 |
| 18 | ഡയാന സെബാസ്റ്റ്യൻ | നഴ്സറി, ചലന വൈകല്യം | 9300 | 5300 |

| | | | | |
|---|---|---|---|---|
| | (ഏബൽ സജ്ജ) | | | |
| 18 | എൽദോ പ്രസാദ് | മാനസിക വെല്ലുവിളി നേരിടുന്ന | 27500 | 24000 |
| 19 | അന്ന ഗ്രേയ്സ് തോമസ് | മാനസിക വെല്ലുവിളി നേരിടുന്ന | 27500 | 24000 |
| 20 | വിഷ്ണു ഒ.എസ്. | മാനസിക വെല്ലുവിളി നേരിടുന്ന | 27500 | 24000 |
| 21 | ആദർശ് സുരേന്ദ്രൻ | മാനസിക വെല്ലുവിളി നേരിടുന്ന | 27500 | 24000 |
| 22 | റിയ മരിയം മാത്യു | മാനസിക വെല്ലുവിളി നേരിടുന്ന | 27500 | 24000 |

പദ്ധതിയിൽ തുക ലഭ്യമായിരുന്നിട്ടും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അർഹമായ മുഴുവൻ സ്കോളർഷിപ്പ് തുകയും വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/16.02.2022) മറുപടിയായി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ലഭിക്കാത്തതു കൊണ്ടാണ് മുഴുവൻ തുകയും വിതരണം നടത്താൻ സാധിക്കാതെ പോയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ടി മറുപടി അംഗീകരിക്കത്തക്കതല്ല. സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ടവരെന്ന നിലയിൽ പ്രത്യേക പരിഗണന നൽകേണ്ട വിഭാഗത്തിനുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായി വിതരണം ചെയ്യുന്നതിന് കാര്യക്ഷമമായ നടപടികൾ ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥയുടെയും ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-21 മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

2019-20 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണഉദ്യോഗസ്ഥനായി ആശുപത്രിയ്ക്കും, പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കും മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം പണം മുൻകൂർ ഒടുക്കിയിരുന്നു.

| ക്രമ. നം. | പ്രോജക്ടിന്റെ പേര് | പണം അടവാക്കിയ ഏജൻസി /സ്ഥാപനം | അടച്ച തുക | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | ആരോഗ്യ സ്ഥാപനത്തിലേക്ക് മരുന്ന് വാങ്ങൽ (27/20) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് | 350000 | 6/21.08.2019 |
| 2 | സാന്ത്വന പരിചരണം-പാലിയേറ്റീവ് പദ്ധതി (26/20) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് | 445760 | 7/21.08.2019 |

എന്നാൽ മരുന്നുകൾ ലഭിച്ചതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (14/21.02.22) നൽകിയിരുന്നെങ്കിലും രേഖകൾ ഹാജരാക്കുകയോ, മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടുണ്ടോ യെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. മുൻകൂർ നൽകിയ തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ ശുചിത്വ മിഷൻ, പത്തനംതിട്ട | 141600 | കക്കൂസ് നിർമ്മാണം (249/20) | 141600 | 0 |
| ജില്ലാ പഞ്ചായത്ത്- പത്തനംതിട്ട | 100000 | സാന്ത്വന പരിചരണം (26/20) | 30000 | 70000 |
| | 200000 | അങ്കണവാടി പോഷകാഹാര പദ്ധതി (5/20) | 100000 | 100000 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട | കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ (185/20) | ബിൽ നം-15/dtd 28-02-2020 | 30000 | - | 30000 |
| | സബ്ബ് സെന്ററുകളുടെ പൈപ്പ് ലൈൻ കണക്ഷൻ (189/20) | ബിൽ നം-21/dtd 26-10-2019 | 200000 | - | 200000 |
| കെ.എസ്.ഇ.ബി റാന്നി | സ്ട്രീറ്റ് മെയിൻ വലിക്കൽ(18/21) | ബിൽ നം-22 /Dtd 18-03-2020 | 2900000 | - | 2900000 |
| | | ബിൽ നം-33 /Dtd 22-02-2020 | 88500 | - | 88500 |
| | | ബിൽ നം-34 /Dtd 22-02-2020 | 387494 | - | 387494 |
| | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ(200/20) | ബിൽ നം-23 /Dtd 21-01-2020 | 353192 | - | 353192 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

### 4-4 വായ്പ

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|---|---|---|---|
| | | | മുതൽ | പലിശ | മുതൽ | പലിശ | |
| ലൈഫ് | ജി.ഒ(എം.എസ്) | 5066254 | | | | | 4580960 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഭവന പദ്ധതി (കെ.യു. ആർ.ഡി. എഫ്.സി) | 68/2018/ എൽ.എസ്.ജി.ഡി/ 18.05.2018 | | 5066254 | - | 485294 | - | |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2000-01 | 2-14 | ബി.ഫണ്ട് ചെലവ് രേഖകൾ ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 2-24 | തനത് ഫണ്ട് ചെലവ് രേഖകൾ ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-8 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-7 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2016-17 | 3-1 | ഇട്ടിയപ്പാറ ബസ്സ്റ്റാന്റിനും തീർത്ഥാടക കേന്ദ്രത്തിനും വേണ്ടി സ്ഥലം ഏറ്റെടുത്തത് വൻ ബാദ്ധ്യത ഉണ്ടാക്കി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/ സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ | : | 99438862 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 52207604 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

ഇല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 4/ 399/98<br>തീയതി: 29.09.2000 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/ 340/98<br>തീയതി: 10.02.1999 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/ 531/98<br>തീയതി: 10.01.2000/08.02.2000 |
| 1998-99 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/ 916/07<br>തീയതി: 13-10-08 |
| 1999-2000 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 4/118/01<br>തീയതി: 28.10.2002/07.01.2003 |
| 1999-2000 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/ 460/08<br>തീയതി: 31.01.09/30.01.2010 |
| 2000-01 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/ 461/2008<br>തീയതി: 31-01-09 |
| 2000-01 (ജനകീയാസൂത്രണം ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/81/2006<br>തീയതി: 08-08-2006 |
| 2000–01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ-പി.4/90/2004<br>തീയതി: 10-08-2004 |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/462/2008<br>തീയതി: 31-01-2009 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/91/2004<br>തീയതി: 10-08-2004 |
| 2001-02 (ജ.ആ. ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/ 82/2006<br>തീയതി: 31-08-2006 |
| 2002-03(ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി4/463/2008<br>തീയതി: 12-02-2009 |
| 2002-03 (ജ.ആ. ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/15/2007<br>തീയതി: 12-02-2009 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.5/360/09<br>തീയതി: 4-7-10/22-3-11 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.8/944/2010<br>തീയതി: 24-6-11/ 29-7-11 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി8/945/10<br>തീയതി: 24-6-11/29-7-11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.6/571/12<br>തീയതി: 6-7-12/4-7-13 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 6/ 567/12<br>തീയതി: 3-9-12/4-7-13 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി 6/ 568/12<br>തീയതി: 3-9-12/4-7-13 |
| 2009-10 | എൽ.എഫ്.പി.റ്റി.എ-പി 6/ 569/12<br>തീയതി: 1-8-12/4-7-13 |

| | |
|---|---|
| 2010-11 | എൽ.എഫ്.പി.റ്റി.എ-പി6/570/12<br>തീയതി: 1-8-12/4-7-13 |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി6/411/14<br>തീയതി: 7-6-14/4-6-15 |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി6/166/16<br>തീയതി: 16/03/2016 |
| 2015-16 | കെ.എസ്സ്.എ/പി.റ്റി.എ/ പി6/1211/2016<br>തീയതി: 21.11.2016 |
| 2016-17 | കെ.എസ്സ്.എ/പി.റ്റി.എ/<br>പി6/1109/2017<br>തീയതി: 16.09.2017/21.11.2016 |
| 2017-18 | കെ.എസ്സ്.എ/പി.റ്റി.എ/<br>പി6/266/2019<br>തീയതി: 18.05.2019 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.6/711/19<br>തീയതി: 22.05.2020 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്